പ്രേക്ഷിതൻ,

സ്വീകർത്താവ്,

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, തിരുവനന്തപുരം - 695009

സർ,

വിഷയം : വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

വിവരാവകാശ നിയമപ്രകാരം താഴെപ്പറയുന്നവയുടെ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ എത്ര Sanctioned post ഉണ്ട് ?
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ?
3. ടി ഒഴിവുകളിൽ നേരിട്ടുള്ള നിയമനംവഴി നികത്തേണ്ട ഒഴിവുകൾ എത്ര?
4. പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം ലഭിച്ച എത്രപേർ ജോലി ചെയ്യുന്നുണ്ട് ?
5. പ്രസ്തുത തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട് ?
6. പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?
7. ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽനിന്നും 2021 ഓഗസ്റ്റ് മാസം 1 വരെ എത്രപേർക്ക് പ്രമോഷൻ ലഭിക്കാൻ സാധ്യത ഉണ്ട് ?

സ്ഥലം :

തീയതി : (ഒപ്പ് )

ഭരണഭാഷ-മാതൃഭാഷ

നം. ബി4/453/2021/സിഇ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, മണക്കാട് പി.ഒ
തിരുവനന്തപുരം-695 009
Telephone/Fax: 0471-2459365/2459159
website: www.hed.kerala.gov.in
E-mail: ce.hed@kerala.gov.in

തീയതി : 23/09/2021

പ്രേഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സർ,

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം- വിവരാവകാശം - 2005 നിയമ പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന: 13/08/2021 തീയതി രേഖപ്പെടുത്തിയ താങ്കളുടെ അപേക്ഷ.
അപേക്ഷ ഈ കാര്യാലയത്തിൽ ലഭിച്ച തീയതി 01/09/2021.

മേൽ സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ ആകെ 58 സാങ്ഷൻഡ് തസ്തികകൾ ഉണ്ട്.
2. വകുപ്പിൽ ടി തസ്തികയിൽ നിലവിൽ 6 ഒഴിവുകൾ ഉണ്ട്.
3. ടി ഒഴിവുകളിൽ 6 ഉം നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടവയാണ്..
4. ടി തസ്തികയിൽ സ്ഥിരം നിയമനം ലഭിച്ച '52' പേരാണ് ജോലി ചെയ്തു വരുന്നത്.
5. ടി തസ്തികയിൽ ആരുംതന്നെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ല
6. ടി തസ്തികയിലെ നിലവിലെ 6 ഒഴിവുകളും PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7.ടി തസ്തികയിൽ നിന്നും 2021 ആഗസ്റ്റ് മാസം 1 വരെ പ്രമോഷൻ ലഭിക്കാനുള്ളവർക്കെല്ലാം പ്രൊമോഷൻ നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

**അപ്പീൽ അധികാരി**
ചീഫ് എഞ്ചിനീയർ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, മണക്കാട് പി.ഒ
തിരുവനന്തപുരം-695 009